പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2672 **28-10-2026-ൽ മറുപടിയ്ക്ക്**

വാമനപുരം നദിയിലെ ജലലഭ്യത

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഒ. എസ്. അംബിക ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) വാമനപുരം നദിയിലെ ജലത്തെ ആശ്രയിച്ച് എത്ര ഗാർഹിക, വ്യവസായിക കുടിവെള്ള കണക്ഷനുകളാണ് നിലവിൽ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: വാമനപുരം നദിയിലെ ജലത്തെ ആശ്രയിച്ച് 2,17,550 ഗാർഹിക കുടിവെള്ള കണക്ഷനുകളും 63 വ്യവസായിക കണക്ഷനുകളുമാണ് നിലവിൽ നൽകിയിട്ടുള്ളത്.

(ബി) ജലലഭ്യത ഉറപ്പാക്കുന്നതിനായി നിലവിൽ എത്ര തടയണകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: ജലലഭ്യത ഉറപ്പാക്കുന്നതിനായി വാമനപുരം നദിയിൽ ജലസേചന വകുപ്പിന് കീഴിൽ താഴെ പറയുന്ന മൂന്ന് തടയണകളാണുള്ളത്.

1. പൂവൻപാറ – ആറ്റിങ്ങൽ മുനിസിപ്പാലിറ്റി

2. പാലോട് – പെരിങ്ങമല പഞ്ചായത്ത്

3. സൂര്യകാന്തി – ചെറ്റച്ചൽ, വിതുര പഞ്ചായത്ത്

കൂടാതെ കേരള ജല അതോറിറ്റിയുടെ കീഴിൽ ജലലഭ്യത ഉറപ്പാക്കുന്നതിനായി നിലവിൽ 2 താത്കാലിക തടയണകളാണ് ഉള്ളത്.

(സി) പുതുതായി എവിടെയെല്ലാമാണ് തടയണകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

മറുപടി: KWA പമ്പ് ഹൗസുകളിൽ വേനൽ സമയത്തു ജലലഭ്യത ഉറപ്പാക്കുന്നതിന് വേണ്ടി താഴെ പറയുന്ന പുതിയ തടയണകൾ നിർമ്മിക്കുവാനായി ജലസേചനവകുപ്പ് മുഖേന ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

a. ആനാക്കുടി - വാമനപുരം പഞ്ചായത്ത്

b. എഴുപേർതാണകയം, വാവുപുര - വിതുര പഞ്ചായത്ത്

c. അയിലം - മുദാക്കൽ പഞ്ചായത്ത്

d. പുഴവൂർ പുഴക്കടവ് - ആറ്റിങ്ങൽ മുനിസിപ്പാലിറ്റി

e. അരുവിപ്പുറം - പുല്ലമ്പാറ പഞ്ചായത്ത്

ഇവയിൽ ആനാക്കുടി, പുഴവൂർ പുഴക്കടവ് എന്നീ ഇടങ്ങളിലെ തടയണകളുടെ പ്രവൃത്തികൾ KIIDC മുഖേനയാണ് നടപ്പിലാക്കുന്നത്. അയിലം,എഴുപേർതാണകയം എന്നീ ഇടങ്ങളിലെ പ്രവൃത്തികളുടെ ഡിസൈൻ പുരോഗമിച്ചു വരുന്നു. ഡിസൈൻ പൂർത്തീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. പുല്ലാമ്പാറ പഞ്ചായത്തിലെ അരുവിപ്പുറം ബ്രിഡ്ജിന്റെ D/S ൽ ചെക്ക് ഡാം നിർമ്മിക്കുന്നതിലേക്കായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടപ്പിലാക്കുകയും IDRB-യിൽ നിന്നും Design ലഭ്യമാക്കുകയും, വാട്ടർ അതോറിറ്റി മുഖേന പ്രവർത്തി നടപ്പിലാക്കുന്നതിനായി ജല വിഭവ വകുപ്പിൽ നിന്നും 20.03.2024 - ൽ NOC നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ചീഫ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം കത്ത് നം KWA/CE(SR)/AVKRA/195097/2024 തീയതി 29.04.2025 പ്രകാരം Soil Investigation റിപ്പോർട്ട് ആവശ്യപ്പെടുകയും കത്ത് നം. CEIA/2879/2025-DB1(W3) തീയതി 31.05.2025 പ്രകാരം Soil Investigation റിപ്പോർട്ടും അനുബന്ധ രേഖകളും അനന്തര നടപടികൾക്കായി ചീഫ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

(ഡി) പ്രസ്തുത തടയണകൾ വർഷം മുഴുവൻ ജലലഭ്യത ഉറപ്പാക്കുന്നതിന് സഹായകരമാകുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

<u>മറുപടി:</u> പുതുതായി നിർമ്മിക്കുന്ന തടയണകൾ എല്ലാം തന്നെ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് വേണ്ടിയുള്ളതാണ്.

സെക്ഷൻ ഓഫീസർ